# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 925 — 29.09.2016 -ൽ മറുപടിക്ക്

## കടൽ മത്സ്യ സമ്പത്തിന്റെ സംരക്ഷണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എം.വിൻസെന്റ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.സണ്ണി ജോസഫ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പമന്ത്രി) |
| (എ) | സംസ്ഥാനത്തിന്റെ കടൽ മത്സ്യ സമ്പത്ത് കഴിഞ്ഞ കാൽനൂറ്റാണ്ടിനിടയിലെ ഏറ്റവും താഴ്ന്ന നിലവാരത്തിലേയ്ക്കെത്തിയെന്ന കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ കേന്ദ്രത്തിന്റെ പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. സി.എം.എഫ്.ആർ.ഐ യുടെ കണക്കനുസരിച്ച് 2012 നുശേഷം കേരളതീരത്ത് മത്സ്യലഭ്യതയിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. 2014 നെ അപേക്ഷിച്ച് 2015 ൽ മത്സ്യലഭ്യതയിൽ 0.94 ലക്ഷം ടൺ കുറവുണ്ടായിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിനായി എന്തൊക്കെ ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിനായി എല്ലാ വർഷവും 47 ദിവസം മൺസൂൺ കാല ട്രോളിംഗ് നിരോധനം നടപ്പിലാക്കുന്നുണ്ട്. മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനും അനധികൃത മത്സ്യബന്ധനം തടയുന്നതിനുമായി മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം കടൽ പട്രോളിംഗ് നടത്തി വരുന്നു. കൂടാതെ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി അനധികൃത മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ട്.<br><br>മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് പൊതു ജലാശയങ്ങളിൽ മത്സ്യ/കൊഞ്ച് വിത്ത് നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. മത്സ്യ സങ്കേതങ്ങൾ സ്ഥാപിക്കുക, കൃത്രിമ പാരുകൾ നിക്ഷേപിക്കുക എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. 14 ഇനം ചെറു മത്സ്യങ്ങളെ പിടിക്കുന്നത് |

| | | | |
|---|---|---|---|
| | | | നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | കാലാവസ്ഥാ വ്യതിയാനം മത്സ്യ സമ്പത്ത് കുറയുന്നതിന് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | സി.എം.എഫ്.ആർ.ഐ യുടെ പഠനത്തിൽ കാലാവസ്ഥ വ്യതിയാനവും മത്സ്യ സമ്പത്ത് കുറയുന്നതിന് കാരണമാണെന്ന് അനുമാനിക്കപ്പെട്ടിട്ടുണ്ട്. |
| (ഡി) | നിലവിലുള്ള നിയമങ്ങൾ കർശനമാക്കി മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിന് നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിലുള്ള നിയമങ്ങൾ കർശനമാക്കുന്നതോടൊപ്പം പുതിയ വ്യവസ്ഥകൾ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ